എൻ. എം. ആർ. ജീവനക്കാരുടെ മെമ്മോറാണ്ടം

* 148 [534] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് പി. എച്ച്. ഈ. ഡി., എൻ. എം. ആർ. വർക്കേഴ്സ് ഫെഡറേഷൻ ഗവണ്മെൻറിലേക്കു് ചില അടിയന്തിരാവശ്യങ്ങൾ അടങ്ങുന്ന ഒരു മെമ്മോറാണ്ടം നൽകുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചു് ഗവണ്മെൻറു് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെന്താണു്?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ):

(എ) നൽകിയിട്ടുണ്ടു്.

(ബി. സി) തീരുമാനമൊന്നും എടുത്തിട്ടില്ല. 21-8-1969-ൽ ഒരു കൂടിയാലോചന നടത്തുന്നതാണു്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്): പി. എച്ച്. ഈ. ഡി., എൻ. എം. ആർ വർക്കേഴ്സിനു് പ്രധാനമായും അനുവദിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണെന്നു പറയാമോ?

ശ്രീ. ബി. വില്ലിംഗ്ടൺ: നോട്ടീസു് വേണം

മെഡിക്കൽ കോളേജു വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പു്

* 149 [535] ശ്രീ. കെ. ശേഖരൻനായർ:
,, പി. എം. അബൂബേക്കർ:
,, കെ. മൊയ്തീൻകുട്ടിഹാജി:
താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലേയ്ക്കു തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തെ സംബന്ധിച്ചു് വല്ല വ്യത്യാസവും ഇപ്പോൾ ഗവണ്മെൻറു് വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ വർഷത്തേക്കാൾ എത്ര എണ്ണമാണു് ഈ വർഷം കുറച്ചിട്ടുള്ളതു്;

(സി) തിരുമല ദേവസ്വം മെഡിക്കൽ കോളേജിലേക്കു് ഈ വർഷം തിരഞ്ഞെടുപ്പു് വേണ്ടെന്നുവച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തു്;

(ഇ) ആലപ്പുഴ മെഡിക്കൽ കോളേജിൽ നിശ്ചിത യോഗ്യതയില്ലാത്ത വല്ല വിദ്യാർത്ഥികളേയും കഴിഞ്ഞ വർഷം പ്രവേശിപ്പിച്ചിരുന്നുവോ;

(എഫ്) എം. ബി. ബി. എസ്. കോഴ്സിനു് അഡ്മിഷൻ നടത്താത്തതു് ഹൈക്കോർട്ടിൽ നിലവിലിരിക്കുന്ന റിട്ട ഹർജികൾ തീരുമാനമാകാത്തതുകൊണ്ടാണെങ്കിൽ പ്രസ്തുത ഹർജികൾ വേഗം തീരുമാനിക്കുന്നതിനു് നടപടി സ്വീകരിക്കുമോ;

(ജി) കോടതികളിലെ കാലതാമസംമൂലം വിദ്യാർത്ഥികൾക്കു് സീറ്റുകളും ഗവണ്മെൻറിലേക്കു് ഫീസും നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുമോ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ): (എ) മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം വ്യത്യാസമൊന്നും വരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly